"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ജീവനക്കാര്യം - ശ്രീ.അനിൽകുമാർ കെ., ക്ലർക്ക്, പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റ്, തിരുവനന്തപുരം എന്നയാളെ കുടുംബശ്രീ വയനാട് ജില്ലാ മിഷനിൽ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ് തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1302/2023/LSGD തീയതി,തിരുവനന്തപുരം, 22-06-2023

---

പരാമർശം:-

1. 10/05/2013 തീയതിയിലെ 42/2013/ധന നമ്പർ സർക്കുലർ
2. സ.ഉ.(പി)നം.580/2013/ധന തീയതി 28/11/2013
3. 28/04/2023 തീയതിയിലെ ഐ.എ.1/138/2023/തസ്വഭവ നം. കത്ത്
4. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 11/05/2023 തീയതിയിലെ 11003/ഇ1/2022/കെ.എസ്.എച്ച്.ഒ.നം.കത്ത്

**ഉത്തരവ്**

കുടുംബശ്രീയുടെ വിവിധ ജില്ലാ മിഷനുകളിലെ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ് തസ്തികകളിലേയ്ക്ക് അന്യത്രസേവന വ്യവസ്ഥയിലുള്ള ഒഴിവുകൾ നികത്തുന്നതിനായി 26500-60700 ശമ്പള സ്കെയിലിൽ നിലവിൽ കേന്ദ്ര-സംസ്ഥാന സർക്കാർ/അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരിൽ നിന്നും അപേക്ഷ ക്ഷണിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചതിൻ പ്രകാരം ഉദ്യോഗസ്ഥരെ അഭിമുഖത്തിന് ക്ഷണിക്കുകയും അപ്രകാരം അഭിമുഖ പാനൽ തെരഞ്ഞെടുത്ത ലിസ്റ്റ് പരാമർശം (3) പ്രകാരം സർക്കാർ അംഗീകാരം നല്കുകയും ചെയ്തിട്ടുണ്ട്. ടി ലിസ്റ്റിലുൾപ്പെട്ട ശ്രീ.അനിൽകുമാർ കെ., ക്ലർക്ക്, പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റ്, തിരുവനന്തപുരം എന്നയാളെ കുടുംബശ്രീ വയനാട് ജില്ലാ മിഷനിൽ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ് തസ്തികയിൽ നിയമിക്കണമെന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (4) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.അനിൽകുമാർ കെ., ക്ലർക്ക്, പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റ്, തിരുവനന്തപുരം എന്നയാളെ കേരള സർവ്വീസ് റൂൾസ് ഭാഗം-1 ചട്ടം 140 (സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും പരാമർശം (1) സർക്കുലറിലെയും പരാമർശം (2) ഉത്തരവിലെ മാനദണ്ഡങ്ങൾക്കും വിധേയമായി കുടുംബശ്രീ വയനാട് ജില്ലാ മിഷനിൽ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ് തസ്തികയിൽ ഒരു വർഷത്തേക്ക് അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

RAJESH K R
അണ്ടർ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
ശ്രീ.അനിൽകുമാർ കെ., ക്ലർക്ക്, പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റ്, തിരുവനന്തപുരം
(ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ് മുഖേന)
ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, നന്ദാവനം, തിരുവനന്തപുരം- 695033
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള,തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ/ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി (IA1/251/2023-LSGD)

ഉത്തരവിൻ പ്രകാരം
Signed by
Vijitha M B
Date: 22-06-2023 16:58:40
സെക്ഷൻ ഓഫീസർ